<u>**പതിനാലാം കേരള നിയമസഭ**</u>
<u>**ഓൻപതാം സമ്മേളനം**</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1770** **31/01/2018** ൽ മറുപടിക്ക്

<u>**മഹാകവി ജി. ശങ്കരക്കുറുപ്പിന് സ്മാരകം നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ**</u>

| ചോദ്യം<br>**ശ്രീ. ജോൺ ഫെർണാണ്ടസ്** | മറുപടി<br>**കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
|---|---|
| **എ)** റവന്യൂ വകുപ്പ് കണയന്നൂർ താലൂക്കിലെ സർവ്വെ നമ്പർ 2681-ൽ ഉൾപ്പെട്ട റവന്യൂ പുറമ്പോക്കായ 25 സെന്റ് സ്ഥലം മഹാകവി ജി. ശങ്കരക്കുറുപ്പിന് സ്മാരകം നിർമ്മിക്കുന്നതിനായി കൊച്ചി നഗരസഭയ്ക്ക് കൈമാറിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സ്മാരകം നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | **എ)** മഹാകവി ജി. ശങ്കരക്കുറുപ്പിന് സ്മാരകം നിർമ്മിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽ നിന്ന് അഞ്ച് ലക്ഷം രൂപ വകയിരുത്തി കൊച്ചി നഗരസഭ പദ്ധതിക്ക് അംഗീകാരം വാങ്ങിയിട്ടുണ്ട്. കണയന്നൂർ താലൂക്കിലെ സർവ്വെ നമ്പർ 2681-ൽ ഉൾപ്പെട്ട റവന്യൂ പുറമ്പോക്കായ 25 സെന്റ് സ്ഥലത്താണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കൊച്ചി നഗരസഭയ്ക്ക് അനുവദിച്ച ടി സ്ഥലം ജി.സി.ഡി.എ യുടെ സ്ഥലത്തിന്റെ ഭാഗമായി കിടക്കുന്നതിനാൽ അളന്ന് തിട്ടപ്പെടുത്തി നല്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ